(ബി) ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് കർണ്ണാടക വനം വകുപ്പിനെ കൂടിയൊഴിപ്പിക്കൽ നടപടികളിൽനിന്നും പിൻതിരിപ്പിക്കണമെന്ന് കർണ്ണാടക റവന്യൂ വകുപ്പുമന്ത്രിയോട് കത്തുമുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

90 (670) പരപ്പനങ്ങാടി-ആനപ്പാടി ഗവൺമെന്റ് എൽ.പി.സ്കൂൾ വക സ്ഥലം

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ആനപ്പാടി ഗവൺമെന്റ് എൽ.പി. സ്കൂൾവക സ്ഥലം, പകരം സ്ഥലം സ്വീകരിച്ചുകൊണ്ട് റോഡു നിർമ്മാണത്തിന് വിട്ടുകൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ചാണോ നിർദ്ദേശം നൽകിയത്;

(സി) എങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപപത്രം ഇനിയും ആവശ്യമുണ്ടോ;

(ഡി) ആവശ്യമില്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപപത്രം വീണ്ടും ജില്ലാ കളക്ടർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) നിരാക്ഷേപ പത്രം ആവശ്യമില്ലെന്നും വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടതുകൊണ്ടാണ് നിർദ്ദേശം നൽകിയതെന്നും ജില്ലാ കളക്ടറെ അറിയിച്ച് നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അതെ.

(സി)&(ഡി) നിരാക്ഷേപ പത്രം ആവശ്യമാണെന്ന അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ ഇത് ആവശ്യപ്പെട്ടത്.

(ഇ) ഗവൺമെന്റ് ഇക്കാര്യം പരിശോധിച്ച് സത്വര നടപടി സ്വീകരിക്കുന്നതാണ്.

91 (671) റീസർവേ പൂർത്തിയാക്കുന്നതിന് നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ അയ്യൻകുന്ന്, കൊട്ടിയൂർ, വിളവന, ആറളം, പായം, കണിച്ചാൽ, കാപ്പാട് എന്നീ വില്ലേജുകളിൽ റീസർവ്വെ നടത്തി പട്ടയം നൽകുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനകം എത്ര ഖണ്ഡങ്ങളിൽ റീസർവെ പൂർത്തിയായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽവില്ലേജുകളിൽ റീസർവെ പ്രവർത്തനം നടത്തുന്നതിന് എത്ര ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിട്ടുണ്ട്; ഇവരുടെ തസ്തിക തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ഡി) ഇപ്പോൾ മേൽ വില്ലേജുകളിലെ റീസർവെ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രവർത്തനം പുനരാരംഭിച്ചു പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ അയ്യൻകുന്ന് വില്ലേജിന്റെ റീസർവെ പുരോഗതിയിലാണ്. മറ്റു വില്ലേജുകളിൽ റീസർവെ ആരംഭിച്ചിട്ടില്ല.

(ബി) അയ്യൻകുന്ന് വില്ലേജിലെ 15 ഖണ്ഡങ്ങളിൽ റീസർവെ ഫീൽഡ് ജോലികൾ പൂർത്തിയായിട്ടുണ്ട്.

(സി) അയ്യൻകുന്ന് വില്ലേജിൽ റീസർവെ പ്രവർത്തനം നടത്തുന്നതിന് 10 സർവെയർമാരേയും 2 ഹെഡ് സർവെയർമാരേയും നിയോഗിച്ചിരുന്നുവെങ്കിലും ഇപ്പോൾ മറ്റു ജില്ലകളിലേക്കും, ജില്ലയിലെതന്നെ മറ്റു ജോലികൾക്കുമായി സർവെയർമാരെ വിട്ടുകൊടുക്കേണ്ടി വന്നതിനാൽ ഒരു ഹെഡ്സർവെയറും ഒരു സർവെയറും മാത്രമേ നിലവിലുള്ളൂ.

(ഡി) ഇല്ല.

(ഇ) അയ്യൻകുന്ന് വില്ലേജിന്റെ റിസർവെ പ്രവർത്തനം പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

92 (672) സംസ്ഥാനത്തെ റീസർവ്വേ നടപടി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവെ നടപടികളുടെ ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതിനകം എത്ര വില്ലേജുകളിൽ സർവെ അദാലത്തുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനിയും എത്ര വില്ലേജുകളിൽ ആരംഭിക്കാനുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 790 റവന്യൂ വില്ലേജുകളുടെ റീസർവെ ഫീൽഡ് ജോലി പൂർത്തിയാക്കിയിട്ടുണ്ട്. ഈ 790 വില്ലേജുകളിൽ 653 വില്ലേജുകളുടെ റിക്കാർഡുകൾ ഫൈനൽ ചെയ്തു റവന്യൂ ഭരണത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഇനി റീസർവെ ആരംഭിക്കാനുള്ള വില്ലേജുകളിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് മാത്രം റീസർവെ നടത്തിയാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിലെ വിള പ്പായ വില്ലേജിന്റെ സർവെ ജോലി പൂർത്തിയാക്കിയിട്ടുണ്ട്. അത് ഫൈനൽ ചെയ്തു നടപ്പിലാക്കുന്നത് സംബന്ധിച്ച് ജോലികൾ പുരോഗതിയിലാണ്. കൂടാതെ ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിലെ റ്റാറ്റാടി എസ്റ്റേ

LIBRARY ARCHIVES Kerala Legislative Assembly